# ഗ്ലാസ്ഗോ: ദുരൂഹത ബാക്കി

**കുറിപ്പുകൾ ◆ നാസ്വിഹ്**

**ലണ്ടനിലും** ഗ്ലാസ്ഗോയിലും നടന്ന ഭീകരാക്രമണ ശ്രമം എന്ന് ആരോപിക്കപ്പെട്ട സംഭവം മൂലം പാശ്ചാത്യ രാജ്യങ്ങളിലെ മുസ്‌ലിംകൾ ആശങ്കയോടെയാണ് നാളുകൾ നീക്കുന്നത്. കുറ്റം ആരോപിക്കപ്പെടുന്നവർ മുസ്‌ലിംകളായതിനാൽ എല്ലാ മുസ്‌ലിംകളും കുഴപ്പക്കാരാണെന്ന തരത്തിലുള്ള പ്രചാരണം നടക്കുന്നുണ്ട്. മുമ്പുണ്ടായതുപോലുള്ള വംശീയ ആക്രമണങ്ങൾ ആവർത്തിക്കുമോ എന്ന ഭീതിയിലാണ് പല പാശ്ചാത്യ നാടുകളിലെയും മുസ്‌ലിംകൾ.

യഥാർഥത്തിൽ ഗ്ലാസ്ഗോയിൽ സംഭവിച്ചതെന്താണെന്നത് ഇപ്പോഴും ദുരൂഹതയായി അവശേഷിക്കുകയാണ്. ജൂൺ 29-ന് ലണ്ടന്റെ മധ്യഭാഗത്ത് പെട്രോളും ഗ്യാസ് സിലിണ്ടറുകളും നിറച്ച രണ്ട് കാറുകൾ കണ്ടെത്തിയെന്നും പിറ്റേന്ന് സ്കോട്ട്ലന്റിലെ ഗ്ലാസ്ഗോ വിമാനത്താവളത്തിന്റെ മെയിൻ ടെർമിനൽ ബിൽഡിംഗിലേക്ക് ഗ്യാസ് സിലിണ്ടറുകളുള്ള കത്തുന്ന ഒരു ജീപ്പ് ഇടിച്ചുകയറ്റിയെന്നുമാണ് വാർത്ത. ഡ്രൈവർക്കു പുറമെ ഒരു ഇറാഖീ ഡോക്ടറായ ബിലാൽ അബ്ദുല്ലയാണ് ജീപ്പിലുണ്ടായിരുന്നത്. ലബനാൻകാരനായ ഖലീഫ്/ഖലീൽ അഹ്മദ് ആണ് ഡ്രൈവർ എന്നായിരുന്നു ആദ്യ റിപ്പോർട്ടുകൾ. പിന്നീട് ഇന്ത്യക്കാരനായ എഞ്ചിനീയർ കഫീൽ അഹ്മദ് ആണ് ഇദ്ദേഹമെന്ന് അധികൃതർ അറിയിച്ചു. ഗുരുതരമായി പൊള്ളലേറ്റ ഡ്രൈവർ രക്ഷപ്പെടാൻ സാധ്യതയില്ലെന്നാണ് ഡോക്ടർമാർ പറയുന്നത്. സംഭവത്തോടനുബന്ധിച്ച് ഡോ. ബിലാലിനു പുറമെ ഡോ. മുഹമ്മദ് അശാ, ഭാര്യ മർവ, കഫീലിന്റെ സഹോദരൻ ഡോ. സബീൽ അഹ്മദ് എന്നിവരും പേര് പുറത്തുവിട്ടിട്ടില്ലാത്ത മറ്റു രണ്ട് ഡോക്ടർമാരും ഇംഗ്ലണ്ടിലും ഡോ. മുഹമ്മദ് ഹനീഫ് ആസ്ട്രേലിയയിലും അറസ്റ്റിലായി. കഫീലും സബീലും മുഹമ്മദ് ഹനീഫും ബാംഗ്ലൂരുകാരാണ്.

മുഹമ്മദ് അശായുടെ ഭാര്യയെയും രണ്ട് ഡോക്ടർമാരെയും പിന്നീട് മോചിപ്പിച്ചു. മുഹമ്മദ് ഹനീഫും മോചിതനാകുമെന്നായിരുന്നു തുടക്കത്തിൽ പ്രതീക്ഷയെങ്കിലും ആസ്ട്രേലിയൻ അധികൃതർ അദ്ദേഹത്തോട് പ്രതികാരമനോഭാവത്തോടെ പെരുമാറുന്നതാണ് കാണാൻ കഴിയുന്നത്. അദ്ദേഹത്തിനെതിരെ കുറ്റങ്ങളൊന്നും ചുമത്താൻ സാധിച്ചിട്ടില്ല. ബന്ധുക്കളായ കഫീലിനും സബീലിനും തന്റെ മൊബൈൽ ഫോണിലെ സിംകാർഡ് നൽകി എന്നതാണ് അദ്ദേഹത്തിന്റെ കുറ്റമായി പറയുന്നത്. ഡോ. ഹനീഫിന് ആക്രമണത്തെക്കുറിച്ച് അറിയാമായിരുന്നുവെന്നതിനോ അദ്ദേഹം നൽകിയ സിം കാർഡ് ആക്രമണത്തിന് സഹായകമായി ഉപയോഗപ്പെടുത്തിയതിനോ തെളിവുകൾ ലഭിച്ചിട്ടില്ല. കോടതി അദ്ദേഹത്തിന് ജാമ്യമനുവദിച്ച ശേഷം ആസ്ട്രേലിയൻ കുടിയേറ്റകാര്യ മന്ത്രി ഇടപെട്ട് കുടിയേറ്റ നിയമം ലംഘിച്ചതായി ആരോപിച്ച് വീണ്ടും തടവിലിടുകയായിരുന്നു. ആസ്ട്രേലിയൻ നീതിന്യായ സംവിധാനത്തിന്റെ വിശ്വാസ്യത തകർക്കുന്ന സംഭവങ്ങളാണ് ഡോ. ഹനീഫിന്റെ കാര്യത്തിലുണ്ടായത്. ആക്രമണത്തെ കുറിച്ച് മുൻകൂട്ടി വിവരം നൽകിയില്ലെന്നാണ് ഡോ. സബീലിനെതിരെ ചുമത്തിയിരിക്കുന്ന കുറ്റം. ഡോ. ബിലാൽ അബ്ദുല്ലയാണ് ആക്രമണം ആസൂത്രണം ചെയ്തതെന്നാണ് പോലീസ് പറയുന്നത്. ഇറാഖ് അധിനിവേശ ശേഷം മെഡിക്കൽ ബിരുദമെടുത്തയാളാണ് ഇദ്ദേഹം. അധിനിവേശശേഷം ആശുപത്രി വിടാൻ നിർബന്ധിതരായ ഇറാഖിലെ പകുതിയോളം ഡോക്ടർമാരിലൊരാൾ ഇദ്ദേഹത്തിന്റെ പിതാവായിരുന്നു. കൊലപാതകങ്ങൾക്കും തട്ടിക്കൊണ്ടുപോകലിനും പുറമെ പരിക്കേറ്റ 'ഭീകരരെ' അന്വേഷിച്ചുവരുന്ന അധിനിവേശ സേനയുടെ പീഡനങ്ങൾക്കും ഇറാഖീ ഡോക്ടർമാർ ഇരയാണ്. അധിനിവേശത്തിനും ഇത്തരം അതിക്രമങ്ങൾക്കുമെതിരായ പ്രതികാരചിന്തയാണ് ഡോ. ബിലാൽ അബ്ദുല്ലയെ ആക്രമണ പദ്ധതിയിലേക്ക് നയിച്ചതെന്നും കഫീൽ അഹ്മദ് പദ്ധതി നടപ്പിലാക്കാൻ അദ്ദേഹത്തെ സഹായിക്കുകയായിരുന്നുവെന്നുമാണ് മാധ്യമങ്ങൾ പറയുന്നത്.

അപലപനീയമായ ഈ കുറ്റകൃത്യത്തിൽ പങ്കാളികളായവർ തീർച്ചയായും ശിക്ഷയർഹിക്കുന്നുണ്ട്. പക്ഷേ, കുറ്റം തെളിയിക്കപ്പെടുവോളം ആരോപിതർ നിരപരാധികളാണെന്ന വസ്തുത മറന്ന് മാധ്യമങ്ങൾ സ്വന്തം നിലക്ക് അവരെ കുറ്റവാളികളായി ചിത്രീകരിക്കുകയാണ് ചെ

യ്യുന്നത്. നിരപരാധികളാണെന്ന് തെളിഞ്ഞാൽ തന്നെ അവർക്ക് പുറത്തിറങ്ങി നടക്കാൻ കഴിയാത്തവിധമാണ് മാധ്യമങ്ങൾ അവരെ വേട്ടയാടുന്നത്. പോലീസ് പിറകെ കൂടിയപ്പോൾ പേടിച്ചോടിയ ജീൻ ചാൾസ് ഡി മെനസെസിനെ ഭീകരനാക്കി വെടിവെച്ചുകൊന്ന ശേഷം ആ ബ്രസീലിയൻ യുവാവ് നിരപരാധിയാണെന്ന് തെളിഞ്ഞതുപോലുള്ള അനുഭവങ്ങൾ മാധ്യമങ്ങൾ വിസ്മരിക്കുന്നു. ഗ്ലാസ്ഗോ കേസിൽ നീതിപൂർവകവും സുതാര്യവുമായ വിചാരണ ഉറപ്പുവരുത്തണമെന്നും കുറ്റവാളികളാണെന്നു തെളിഞ്ഞാൽ പ്രതികൾക്ക് തക്ക ശിക്ഷ നൽകണമെന്നുമുള്ള ബ്രിട്ടീഷ് മുസ്‌ലിംകളുടെ ആവശ്യം തികച്ചും ന്യായമാണ്.

ഗ്ലാസ്ഗോ സംഭവത്തിനു പിന്നിൽ ആരാണെങ്കിലും അതിന്റെ ഗുണഭോക്താക്കൾ 'ഭീകരതാവിരുദ്ധ യുദ്ധ'ത്തിന്റെ മറവിൽ മുസ്‌ലിംകളെ ഒറ്റപ്പെടുത്താൻ ശ്രമിക്കുന്നവരാണ്. ഭീകരർ അൽഖാഇദക്കാർ മാത്രമല്ലെന്നും ഏതു മുസ്‌ലിമും ഭീകരനാവാനുള്ള സാധ്യതയുണ്ടെന്നുമാണ് ഈ സംഭവം തെളിയിക്കുന്നതെന്ന് പ്രചരിപ്പിക്കാൻ അവർക്ക് കഴിയുന്നു. പെട്രോൾ, ഗ്യാസ് സിലിണ്ടർ പോലുള്ള ഏതു സാധനവും ഭീകരരുടെ കൈയിലെത്തിയാൽ മാരകായുധങ്ങളായി മാറാമെന്നാണ് അവർ ചൂണ്ടിക്കാട്ടുന്ന മറ്റൊരു കാര്യം. തൊഴിലില്ലാത്ത ചെറുപ്പക്കാർ മാത്രമാണ് തീവ്രവാദത്തിലേക്ക് ആകർഷിക്കപ്പെടുന്നത് എന്നായിരുന്നു 2005 ജൂലൈ 7-ന് ലണ്ടനിലുണ്ടായ സ്ഫോടനശേഷം ഉയർന്നു വന്ന വിലയിരുത്തൽ. എന്നാൽ ഗ്ലാസ്ഗോ സംഭവത്തിൽ പ്രതിചേർക്കപ്പെട്ടവരിൽ ഒരാൾ എഞ്ചിനീയറും ബാക്കിയുള്ളവർ മുഴുവൻ ഡോക്ടർമാരുമായതിനാൽ മുസ്‌ലിംകൾ എത്ര വലിയ പ്രഫഷണലുകളും വിദ്യാസമ്പന്നരുമാണെങ്കിലും ഭീകരരാവാനുള്ള സാധ്യതയുണ്ടെന്ന് പ്രചരിപ്പിക്കാനും തൽപരകക്ഷികൾക്ക് കഴിയുന്നു. ബ്രിട്ടനിലെ 28,000 വരുന്ന ഇന്ത്യൻ ഡോക്ടർമാർക്ക് നിയന്ത്രണമേർപ്പെടുത്താൻ ശ്രമിക്കുന്നവർക്കും ഈ സംഭവം ഏറെ സൗകര്യമായിട്ടുണ്ട്. ആക്രമണത്തെ മറയാക്കി, ദക്ഷിണേന്ത്യയിൽ അടിഞ്ഞുകൂടുന്ന ഭീകരരെ കുറിച്ചും ഗൾഫ് രാജ്യങ്ങളിൽ മുസ്‌ലിംകൾ ഭീകരരുമായി ബന്ധപ്പെടാനുള്ള സാധ്യതയെക്കുറിച്ചും ഇന്ത്യയിലെ ചില പ്രസിദ്ധീകരണങ്ങളും ഉപന്യസിക്കാൻ തുടങ്ങിയിട്ടുണ്ട്.

ടോണി ബ്ലെയറുടെ നിലപാടുകളിൽനിന്ന് ഭിന്നമായി ഗോർഡൺ ബ്രൗണിന്റെ നേതൃത്വത്തിലുള്ള പുതിയ ബ്രിട്ടീഷ് സർക്കാർ ഈ സംഭവത്തോട് സമചിത്തതയോടെയാണ് പ്രതികരിച്ചതെന്ന് എടുത്തു പറയേണ്ടതുണ്ട്. ബ്രിട്ടീഷ് മുസ്‌ലിംകളും സന്ദർഭത്തിനൊത്തുയർന്നു. അവർ ഒറ്റക്കെട്ടായി ആക്രമണശ്രമത്തെ അപലപിക്കുകയും ഒരു മീഡിയാ കാമ്പയിൻ ആരംഭിക്കുകയും ചെയ്തു. സംഭവത്തെ അപലപിച്ചും ഇസ്‌ലാമുമായി അതിന് ബന്ധമില്ലെന്ന് പ്രഖ്യാപിച്ചും പ്രമുഖ പത്രങ്ങളിലും ടി.വി ചാനലുകളിലും പരസ്യം ചെയ്തു. islamispeace.org.uk എന്ന പേരിൽ വെബ്സൈറ്റും ആരംഭിച്ചിട്ടുണ്ട്. ഉയർന്ന പോലീസ് ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ച് മുസ്‌ലിം സംഘടനാ നേതാക്കളും ഇമാമുമാരും ചർച്ചയും സംഘടിപ്പിക്കുകയുണ്ടായി.

ഗ്ലാസ്ഗോ വിമാനത്താവളത്തിന്റെ പ്രധാന കെട്ടിടത്തിന് ഏതാനും ദിവസം കൊണ്ട് പരിഹരിക്കാവുന്ന കേടുപാടുകൾ വരുത്താൻ മാത്രമാണ് ഈ ആക്രമണത്തിനു മുതിർന്നവർക്ക് സാധിച്ചത്. കവിഞ്ഞാൽ ചില നിരപരാധികളുടെ ജീവൻ ഹനിക്കാൻ കൂടി അവർക്ക് സാധിക്കുമായിരുന്നു. ഭാഗ്യത്തിന് അത് സംഭവിച്ചില്ല. സ്വജീവൻ അപകടത്തിൽ പെടുത്തി ഡോക്ടർമാരും ഒരു എഞ്ചിനീയറുമടങ്ങിയ സംഘം ഇത്തരമൊരു പോഴത്തത്തിനു തയാറായി എന്നത് അവിശ്വസനീയവും ആശ്ചര്യകരവുമാണ്. വിദ്യാസമ്പന്നരായ ഈ യുവാക്കൾ ആത്മഹത്യാപരമായ ഈ നടപടിക്ക് ഒരുമ്പെട്ടുവെങ്കിൽ അവരെ അതിലേക്ക് തള്ളിവിട്ട സാഹചര്യം കൂടി ആലോചനയർഹിക്കുന്നുണ്ട്. ബ്രിട്ടീഷ് ഗവൺമെന്റും മറ്റും അതിന് തയാറാവുകയും തെറ്റായ വിദേശനയം തിരുത്തുകയുമാണെങ്കിലേ ഇനിയെങ്കിലും ഇത്തരം ആക്രമണങ്ങൾ ആവർത്തിക്കില്ലെന്ന് പ്രതീക്ഷിക്കാനാവൂ. ■